## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4983** **23.03.2018 ൽ മറുപടിയ്ക്ക്**

വനം കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ശ്രീ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്ത് 1971ന ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങളുടെ വിസ്തൃതി സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ;

(എ) വനം വകുപ്പ് 2015-16 സാമ്പത്തികവർഷം വരെ നടത്തിയ കണക്കെടുപ്പനുസരിച്ച് 01.01.1977- ന ശേഷം 19276.5181 ഏക്കർ (7801.10 ഹെക്ടർ) വനഭൂമി കയ്യേറിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ജില്ല തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| ജില്ല | വനം സർക്കിൾ | വനം ഡിവിഷൻ | അനധികൃത വനം കയ്യേറ്റം (ഹെക്ടറിൽ) | അനധികൃത വനം കയ്യേറ്റം (ഏക്കറിൽ) |
|---|---|---|---|---|
| തിരുവനന്തപുരം | സതേൺ സർക്കിൾ | തിരുവനന്തപുരം | 0 | 0 |
| പത്തനംതിട്ട | | കോന്നി | 10.59 | 26.16789 |
| | | റാന്നി | 1.13 | 2.79223 |
| കൊല്ലം | | തെന്മല | 7.24 | 17.89004 |
| ആകെ | | | 18.96 | 46.85016 |
| എറണാകുളം | ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 147.6 | 364.7196 |
| കോട്ടയം | | കോട്ടയം | 121.49 | 300.20179 |
| ഇടുക്കി | | മൂന്നാർ | 1099.65 | 2717.23515 |
| | | മറയൂർ | 0.03 | 0.07413 |
| | | മാങ്കുളം | 358.43 | 885.68053 |
| ആകെ | | | 1727.2 | 4267.9112 |
| തൃശ്ശൂർ | സെൻട്രൽ സർക്കിൾ | ചാലക്കുടി | 0 | 0 |
| | | തൃശ്ശൂർ | 147.04 | 363.33584 |
| എറണാകുളം | | മലയാറ്റൂർ | 129.29 | 319.47559 |
| ആകെ | | | 276.33 | 682.81143 |
| മലപ്പുറം | | നിലമ്പൂർ നോർത്ത് | 682.53 | 1686.53163 |
| | | | | |

| | | | | |
|---|---|---|---|---|
| | ഈസ്റ്റേൺ സർക്കിൾ | നിലമ്പൂർ സൗത്ത് | 2.11 | 5.21381 |
| പാലക്കാട് | | പാലക്കാട് | 190.58 | 470.92318 |
| | | മണ്ണാർക്കാട് | 2700.34 | 6672.54014 |
| | | നെന്മാറ | 244.19 | 603.39349 |
| ആകെ | | | 3819.73 | 9438.55283 |
| കോഴിക്കോട് | നോർത്തേൺ സർക്കിൾ | കോഴിക്കോട് | 10.4 | 25.6984 |
| വയനാട് | | വയനാട് സൗത്ത് | 1369.29 | 3383.51559 |
| | | വയനാട് നോർത്ത് | 369.74 | 913.62754 |
| കണ്ണൂർ | | കണ്ണൂർ | 11.02 | 27.23042 |
| കാസർഗോഡ് | | കാസർഗോഡ് | 0 | 0 |
| ആകെ | | | 1760.45 | 4350.07195 |
| കോട്ടയം | ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ഈസ്റ്റ് | 0.0061 | 0.0150731 |
| ഇടുക്കി | | ഇടുക്കി | 5.4 | 13.3434 |
| ആകെ | | | 5.4061 | 13.3584731 |
| തൃശ്ശൂർ | വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | പീച്ചി | 193.02 | 476.95242 |
| വയനാട് | | വയനാട് | 0 | 0 |
| കണ്ണൂർ | | ആറളം | 0 | 0 |
| ആകെ | | | 193.02 | 476.95242 |
| ആകെ | | | 7801.1 | 19276.5181 |

വനം കയ്യേറ്റങ്ങൾ ക്രമീകരിക്കുന്നതു സംബന്ധിച്ച നിർണ്ണായക തീയതി 01.01.1977 ആയതിനാൽ ആ തീയതിയ്ക്കു ശേഷമുള്ള കണക്കുകളാണ് വനം വകുപ്പിൽ ലഭ്യമായിട്ടുള്ളത്.

ബി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി) 1961-ലെ കേരള വനനിയമം, 1971-ലെ കേരള ഫോറസ്റ്റ് വെസ്റ്റിംഗ് & അസൈൻമെന്റ് ആക്ട് എന്നിവ പ്രകാരം വനം കയ്യേറ്റത്തിന് കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികൾക്കെതിരെ അന്വേഷണം നടത്തി ബന്ധപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ കുറ്റപത്രം സമർപ്പിക്കുകയും അത്തരം കയ്യേറ്റം നിയമപ്രകാരം ഒഴിപ്പിക്കുകയും കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. കൂടാതെ സർക്കാർ ഭാഗം സംരക്ഷിക്കുന്നതിലേയ്ക്കായി

ഹൈക്കോടതി ഉൾപ്പെടെയുള്ള കോടതികളിലെ കേസുകളിൽ പ്രഗൽഭരായ അഭിഭാഷകരെ നിയോഗിക്കുകയും ലെയ്സൺ ഓഫീസർ മുഖേന നിരന്തരം കേസിന്റെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ ഘട്ടങ്ങളിൽ ഉചിതമായ നിയമോപദേശം തേടുകയും കേസ് വിജയിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ